LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

125 (5530) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അരൂർ എം.എൽ.എ.-യുടെ ശുപാർശ പ്രകാരം 2001-2006 കാലയളവിൽ പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും, ആകെ എത്ര രൂപ അനുവദിച്ചുവെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

അരൂർ നിയോജകമണ്ഡലത്തിൽ 2001-2006 കാലയളവിൽ അരൂർ എം.എൽ.എ. ശുപാർശ ചെയ്തയച്ച അപേക്ഷകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം നൽകിയതു സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	അപേക്ഷകരുടെ എണ്ണം	തുക
2001-2002	-	-
2002-2003	2	23400
2003-2004	8	54000
2004-2005	9	42500
2005-2006	9	78500
ആകെ	28	198400

2001-06 വർഷ കാലയളവിൽ അരൂർ എം.എൽ.എ.യുടെ ശുപാർശ പ്രകാരം പിന്നോക്ക പട്ടികവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും തന്നെ ചികിത്സാ ധനസഹായം അനുവദിച്ചു നൽകിയിട്ടില്ല.

പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ പ്രത്യേക നിധിയിൽ നിന്നുള്ള ധനസഹായം

126 (5531) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ പ്രത്യേക നിധിയിൽ നിന്ന് എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് ;

(ബി) വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ധനസഹായത്തിനുള്ള ഏതെങ്കിലും അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 143 പേർക്ക് 7,85,499 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 41 പേർക്ക് 14,650 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ചികിത്സാധനസഹായം ലഭിക്കുന്നതിനുവേണ്ടി നിലവിലുള്ള നിയമപ്രകാരം മതിയായ രേഖകൾ സഹിതം സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തള്ളിക്കളഞ്ഞതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ/ഡിപ്പാർട്ടുമെന്റ് വഴിയായി സാമ്പത്തിക സഹായങ്ങൾ

127 (5532) പ്രൊഫ. എൻ. ജയരാജ്:
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ/ഡിപ്പാർട്ടുമെന്റ് എന്നിവ വഴിയായി പട്ടിക സമുദായത്തിലുള്ള എത്ര ആളുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് വിവിധ ആവശ്യങ്ങൾക്കായുള്ള ലോൺ/സാമ്പത്തിക സഹായങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഇങ്ങനെ നൽകുന്ന സാമ്പത്തിക സഹായങ്ങൾ/ലോണുകൾ എന്നിവയ്ക്കായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി പട്ടികസമുദായത്തിൽപ്പെട്ട 11866 ഗുണഭോക്താക്കൾക്ക് ലോൺ/സാമ്പത്തിക സഹായങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും വഴി നൽകിയ സാമ്പത്തിക സഹായങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന സാമ്പത്തിക സഹായങ്ങൾ/ലോണുകൾ എന്നിവയ്ക്ക് ലളിതമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly